

VELOM HSS
CHERAPURAM
വെട്ടം

# ഉള്ളടക്ക പട്ടിക

1. സന്ദേശം..........................,
2 . പത്രാധിപർ......................,
3 . ആമുഖം...........................,
4 . തല+ഇണ = തലയിണ.....,
5 . ചിത്രം..............................,
6 . പതനം...........................,
7 .ചിത്രം..............................,
8 . യാത്ര...............................,
9 . ചിത്രം..............................,
10 . ക്കൂട്ടുകാർ..........................,
11 . ചത്രം...............................,
12 . യാഫി..............................,
13 . ചിത്രം..............................,
14 . വോളീബോൾ..................,

## സന്ദേശം

വേളം ഹയർസെക്കന്ററി സ്കൂളിലെ 'ലിറ്റിൽ കൈറ്റ്സി'ന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന 'വെട്ടം' മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.വിദ്യാർത്ഥികളുടെ സർഗ്ഗവാസന വളർത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.കുട്ടികൾക്കും പിന്നിൽ പ്രവർത്തിച്ചവർക്കും അഭിനന്ദനങ്ങൾ.

എം.എം ഹമീദ്

ഹെഡ് മാസ്റ്റർ

## പത്രാധിപർ പറയുന്നു,

വേളം ഹയർ സെക്കന്ററി സ്കൂളിലെ
" ലിറ്റിൽ കൈറ്റ്സ് " അംഗങ്ങൾ
തയാറാക്കിയ 'വെട്ടം ' എന്ന മാഗസിൻ
പുറത്തിറക്കുകയാണ്.ചെറുതും എന്നാൽ
മനോഹരവുമായ രചനകൾ ഉൾപ്പെടുത്തി
ഈ സംരംഭം ഏറെ പ്രയാസങ്ങൾ സഹിച്ചാണ്
ഞങ്ങൾ പുറത്തിറക്കുന്നത്.
കൂട്ടുകാരുടെ ഭാവനകളും ടൈപ്പിങ് വേഗതയും
ഒത്തുചേർന്നപ്പോഴാണ് വെട്ടം
പുറത്തിറക്കിയത്.ഇതിൽ തെറ്റുകളുണ്ടെങ്കിൽ
വായനക്കാർ
ക്ഷമിക്കുമെന്ന വിശ്വാസത്തോടെ ഞങ്ങൾ
പ്രസിദ്ധീകരിക്കട്ടെ

പത്രാധിപർ

# തല + ഇണ = തലയിണ

കിടക്കയിൽ നിന്ന് പുണ്യാഹം തളിക്കുന്ന കാലം തൊട്ടെ

എന്റെ ഇണയായിരുന്ന നീ..

തൊട്ടിലിലായിരിക്കുമ്പോൾ തൊട്ടിലിനടിയിലിരുന്നും

കട്ടിലിന്മേൽ

എന്റെ അരികത്തിരുന്നും

നീ എന്നെ സംരക്ഷിച്ചു

വലുതാകുന്തോറും ഞാൻ നിനക്കേൽപ്പിച്ച

ഓരോ ആഘാതങ്ങളും

നീ ക്ഷമയോടെ സഹിച്ചു

സ്കൂളിലേക്കുള്ള ആദ്യദിനത്തിന്റെ തലേന്നാൾ

എന്നോടൊപ്പം ഉറക്കമിളയ്ച്ച

നീ എന്റെ സ്വപ്നം പകുതെടുത്തു.

അമ്മയോട് വഴക്കുണ്ടാക്കിയന്നും

സൈക്കിളെടുത്ത് ഒറ്റയ്ക്ക് 5 കി മീ പോയതിന്

അച്ചമ്മ ചീത്ത പറഞ്ഞതിനും

വേനലവധിക്ക് കാറുതൊട്ടുപോകരുതെന്ന്

പറഞ്ഞ് അമ്മ വിലക്കിയപ്പോൾ
എന്റെ കണ്ണിൽ നിറഞ്ഞു പെയ്ത മഴയേയും
എന്റെ കാതിൽ മുഴങ്ങി നിന്ന പെണ്ണാണ് നീ
എന്ന വാക്കിനേയും
നീ ഒരു പോലെ ഏറ്റു വാങ്ങി
എന്റെ ഓരോ നെടുവീർപ്പുകളും,നിശ്വാസങ്ങളും
നിന്റേത് കൂടിയായി
പെണ്ണാണെന്നോർമിപ്പിക്കുന്ന
ഓരോ വേദനകളിലും
എന്റെ നാഭിയിൽ നീ ആശ്വാസം നൽകി
എന്നും കാണുന്ന ആ കണ്ണുകളുടെ തിളക്കം
ഹോസ്റ്റലിലെ ആദ്യദിനങ്ങളുടെ കണ്ണീരുപ്പ്
നീ എനിക്ക് മഞ്ഞുതുള്ളിയായി മാറ്റിതന്നു.
മുകുന്ദേട്ടനും വത്സലാമ്മയും മാധവിക്കുട്ടിയും
എല്ലാം എന്നിലേക്ക് ആവാഹിക്കപ്പെടുന്നു
കല്യാണം കഴിഞ്ഞാൽ നീയാരെ കെട്ടിപിടിക്കും
എന്ന് കൂട്ടുകാരികൾ കളിയാക്കിയപ്പോഴും
നമ്മൾ ചിരിക്കുകയായിരുന്നു

പക്ഷെ,

അന്ന് രാത്രി നീ അതേ ചോദ്യം എന്നോട് ചോദിച്ചു
എന്നും എനിക്ക് നീ മതിയെന്ന് ചൊല്ലി
ഞാൻ നിന്ന് ആശ്ലേഷിച്ചു.

പക്ഷേ സുഹൃത്തേ,
ഈ ഭ്രാന്താലയത്തിന്റെ വാതിൽപ്പടിയിൽ
നിന്നെ പിച്ചിച്ചീന്തി
ആ വെള്ളമേഘങ്ങൾക്കിടയിൽ പറന്നുനടന്നത്
മറ്റാരുമല്ല
ഞാൻ തന്നെ
ഈ ഞാൻ

BY:Diya Krishna



വെട്ടം



BY


SNEHA
9E

വെട്ടം



BY AKSHYAY

വെട്ടം



BY

ABINADANA 8E

**LK16073-2020**

എത്ര പെട്ടന്നായിരുന്നു എല്ലാം സംഭവിച്ചത്.കൊച്ചു വീടിന്റെ
വരാന്തയിലിരുന്ന് ആൽവിൻ ആലോചിച്ചു.അച്ഛനും അമ്മയും
വേവലാതിയോടെ ഒരു ദിവസം രാത്രിയിൽ സംസാരിക്കുന്നതും
തുടർന്നുള്ള ദിവസങ്ങളിൽ ആരൊക്കെയോ ഫ്ലാറ്റ്
സന്ദർശിക്കുന്നതും

അവൻ കണ്ടു.സ്കൂളിലെ സഹപാഠികൾ ഫ്ലാറ്റിൽ നിന്ന് താമസം
-
മാറുകയാണെന്ന് പറയുമ്പോഴും അവൻ ആലോചിച്ചത് അച്ഛന്റെ
പ്രവാസ ജീവിതം കൊണ്ട് നേടിയ തന്റെ വീട്ടിൽ നിന്ന് ആരും-
തന്നെ ഒഴിപ്പിക്കില്ലെന്നായിരുന്നു.എന്നാൽ,തുടർന്നുള്ള-
ദിവസങ്ങളിൽ അമ്മയും അച്ഛനും ധൃതിപിടിച്ച് ബാക്കിവന്ന
സമ്പാദ്യം കൊണ്ട് ഒരു വീട് അന്വേഷിച്ച് തരപ്പെടുത്താനുള്ള
തത്രപ്പാടിലായിരുന്നു.അങ്ങനെയാണ് ഈ
കൊച്ചുവീട്ടിലെത്തിയത്.
കഴിഞ്ഞ ദിവസം അടുത്ത വീട്ടിലെ മരം മുറിച്ചപ്പോൾ കൂട്
നഷ്ടപ്പെട്ട
അമ്മക്കിളിയുടെ ദീന രോദനം അവന് ഓർമ
വന്നു.ഇവിടെയെത്തി-യതിന്റെ അഞ്ചാംനാൾ ഫ്ലാറ്റ് പൊളിക്കുന്ന
ദിവസമാണെന്ന് അച്ഛൻ
പറയുന്നത് കേട്ടു.ഇന്നലെ അച്ഛനും അമ്മയ്ക്കുമൊപ്പം ടൗണിൽ
പോയി മടങ്ങുമ്പോൾ കണ്ടകാഴ്ച മനസ്സിൽ നിന്ന് മായുന്നില്ല.
താനും

വെട്ടം

കൂട്ടുകാരും അച്ഛനും അമ്മയുമൊന്നിച്ച് സന്തോഷം പങ്കിട്ട ഫ്ലാറ്റിന്റെ

സ്ഥാനത്ത് കുറേ കെട്ടിടാവശിഷ്ടങ്ങൾ മാത്രം.പ്രളയകാലത്ത്

ടി.വി -യിൽ കണ്ട സർവ്വതും നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പിലിരുന്ന കുട്ടികളുടെ ചിത്രം ഇപ്പോൾ തന്റെ മുന്നിൽ ഒരു ഭയാനകസത്യമായി പ്രത്യക്ഷപ്പെടുന്നത് അവൻ നിസ്സഹായനായി ഓർത്തിരുന്നു.

BY:KARTHIK S.J
9-B

വെട്ടം



BY

**LK16073-2020**
**13**

Anakha

# യാത്ര



പപ്പയും മമ്മിയും കു

ഞ്ഞിതങ്കവയുമിനെ

അടുക്കോയാതെക്കു

സഹിക്കോമുന്നതില്ല

അപ്പുറമോയിരു .അനെ+ങ്കില്ല

അമ്മയ്ക്ക് കുഞ്ഞ ം

ത്തോടേതെല്ലോഞോന്2ന്ന് ചി2ത്തേപ്പോനെ4ോനെക്ക

ത്തേതോന്നിയിട്ടുണ്ടെങ്കിലും പപ്പ എനെ

ന്നവത്തേക്കഷെനം സൗകര്യവും ത്തോക്കി തനെന്ന

ഉൾനെപ്പട്ടുത്തോനെത ഒരു യോത്രയും

ടത്തിയിരുന്നി . എന്നോൽ ഇന്നനെ2

ത്തേപ്പോളിൽിന്ന് മമ്മയും പപ്പയും ഇ+ോനെത

മടങ്ങിയ തത്തേന്നോട് ി ത്തേമഡം പറഞ്ഞത്

പപ്പയും മമ്മയും കുഞ്ഞനുജനും ദൈ വത്തിനെ

അടുത്തേത്തക്ക് . ഒരിക്കലും ഉണരോനെത

ഉറക്കത്തോൽ അവർ മണ്ണിത്തേ2ക്ക്

# കൂട്ടുകാർ

അക്കു കിതച്ചു കൊണ്ട് ഓടുകയാണ് .അവന്റെ മണ്മറഞ്ഞ കുട്ടിക്കാലത്തിലെ പ്രധാന

കഥാപാത്രമായ അബുവിനെ കാണാനായി .

പത്താം ക്ലാസ്സുവരെ ഒന്നിച്ചു പഠിച്ചവരാണ്

അക്കുവും അബുവും . ഉറ്റ സുഹൃത്തുക്കളായിരുന്ന

ഇരുവരും . അങ്ങനെയിരിക്കെയാണ് പത്താം

ക്ലാസ്സ് കൊല്ലപരീക്ഷയ്ക്ക് തോറ്റ അബു
അവന്റെ ഉപ്പയുടെ കൂടെ ദുബൈയ്ക്ക്
പോയതാ്.പിന്നീട് രണ്ട് കൊല്ലത്തിനു ശേഷം
തിരിച്ചുവന്നിരിക്കുകയാണ് അബു.അതിന്റെ
ആകാംക്ഷയിലാണ് അക്കു . അങ്ങനെ
അവസാനം അക്കു അബുവിന്റെ വീട്ടു മുറ്റത്ത്
എത്തി .വീടിന്റെ വരാന്തയിലെ മുന്തിയ
ചെരുപ്പ് അവനെ കുടുതലായി
സന്തോഷപ്പെടുത്തി അവൻ മെല്ലെ വീട്ടീലേക്ക്
കയറി . അതാ അവിടെ സോഫയിലിരുന്ന്
വിഡിയോ ഗെയിം കളിക്കുകയായിരുന്നു
അബു . അതുകണ്ട അക്കു സന്തോഷം
അടക്കാനാവാതെ അവൻ ഉറക്കെ വിളിച്ചു
അബൂ....... ഇതുകേട്ട അബു വീഡിയോ
ഗെയിമിൽ നിന്ന് കണ്ണു തെറ്റിച്ച് അവനെ

തുറിച്ചു നോക്കി വീണ്ടും ഗെയിം കളിക്കാൻ
തുടങ്ങി .അതു കണ്ട അക്കു തകർന്നു പോയി .
അവൻ വിഷമത്തോടെ ആ മുന്തിയ
ചെരുപ്പുകളുടെ ഇടയിലൂടെ അവന്റെ തേ
ഞ്ഞൊട്ടിയ ചെരുപ്പുമായി അവൻ നടന്നു . തന്റെ
*പ്രിയ കൂട്ടുകാരൻ  വീഡിയോ ഗെയിമിന്*
*അടിമപ്പെട്ടിരിക്കുന്നു എന്ന് അക്കു സ്വയം*
*ആത്മഗതം ചെയ്തു .*

*BY*
*നിജാദ്.[മാണിക്കോത്ത്]*
*9-b*



സംസ്ഥാന  I.T മേളയിൽ
(സ്ക്രാച്ച് വിഭാഗം)
പങ്കെടുത്ത Littil Kite.

മുഹമ്മദ് യാഫി  എം

ഠ്



# സംസ്ഥാന ഇന്റർ സ്കൂൾ വോളിബോൾ ചാമ്പ്യൻ ഷിപ്പ് 2020-ജേതാക്കൾ

***നന്ദി .............................***